പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 618 11.12..2012 ലെ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് ഫണ്ട്

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ ആകെ എന്തു തുക ലഭിച്ചിട്ടുണ്ട് ; | (എ) കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് ഇതേ വരെ 65.75 കോടി രൂപ ലഭിച്ചിട്ടുണ്ട് |
| (ബി) | ആയതിൽ നിന്നും കാരുണ്യ ഭാഗ്യക്കുറി വഴി സൗജന്യ ചികിത്സാ ധനസഹായമായി എന്തു തുക അനുവദിച്ചു; എത്ര പേർക്ക് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) ചികിത്സാ ധനസഹായമായി 56.14 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകളുടെ ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു. (അനുബന്ധം I) |
| (സി) | നിലവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ അവശേഷിക്കുന്ന തുക എത്ര ; | (സി) 9.61 കോടി രൂപ അവശേഷിക്കുന്നു |
| (ഡി) | കാരുണ്യ സൗജന്യ ചികിത്സയ്ക്കായി എത്ര അപേക്ഷകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ഡി) 27.11.2012 മുതൽ 05.12.2012 വരെ കാരുണ്യ ചികിത്സാ ധനസഹായത്തിനായി ലഭിച്ച 530 അപേക്ഷകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ഉൾക്കൊള്ളുന്ന ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു. (അനുബന്ധം II) |
| (ഇ) | കോട്ടയം മെഡിക്കൽ കോളേജിന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നൽകിയ എത്ര രൂപയുടെ ചെക്കാണ് നഷ്ടപ്പെട്ടത് ; ആയതിന്റെ ഫലമായി എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല ; പ്രസ്തുത ചെക്ക് നഷ്ടപ്പെടാനുണ്ടായ സാഹചര്യം പരിശോധിച്ചുവോ ; വിശദമാക്കുമോ ; | (ഇ) 51,08,000 രൂപയുടെ ചെക്കാണ് നഷ്ടപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ചെക്കാണ് ആശുപത്രിയ്ക്ക് നൽകിയിരുന്നത്. വിവരം അറിഞ്ഞ ഉടനെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ചെക്ക് നഷ്ടമായ സാഹചര്യത്തെക്കുറിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് അഡീഷണൽ ഡയറക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ടി ധനസഹായ തുകയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് തടസ്സം കൂടാതെ ചികിത്സ നൽകുന്നതിനും കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇംപ്രസ്റ്റ് മണി 10 ലക്ഷം രൂപയും നേരത്തെ അനുവദിച്ചിട്ടുള്ള ചികിത്സാ ധനസഹായ തുകയുടെ നീക്കിയിരിപ്പും ഉപയോഗപ്പെടുത്തുന്നതുകൊണ്ടും രോഗികൾക്ക് ചികിത്സ ലഭ്യമാകുന്നുണ്ട്. |

| | | |
|---|---|---|
| (എഫ്) | കാരുണ്യ ഭാഗ്യക്കുറിയുടെ പരസ്യത്തിന് ഇതേവരെ എന്ത് തുക ചെലവഴിച്ചു; ഏതൊക്കെ വ്യക്തികൾക്കാണ് പരസ്യയിനത്തിൽ തുക നൽകിയതെന്ന് വ്യക്തമാക്കുമോ ; | (എഫ്) കാരുണ്യ ഭാഗ്യക്കുറിയ്ക്ക് മാത്രമായി പരസ്യ ത്തുക കണക്കാക്കിയിട്ടില്ല. എന്നാൽ കാരുണ്യയുടെ പരസ്യ ചിത്ര നിർമ്മാണത്തിനായി ട്രിവാൻഡ്രം ഫിലിം ഫെർട്ടേണിറ്റിയെയും, അഭിനയിക്കുന്നതിന് ശ്രീ. മുകേഷിനെയും ചുമതലപ്പെടുത്തിയിരുന്നു. പ്രമുഖ ചലച്ചിത്ര താരങ്ങളും മറ്റു പ്രമുഖരും സൗജന്യമായി അഭിനയിച്ചിട്ടുള്ള ഭാഗ്യക്കുറികൾക്ക് വേണ്ടിയുള്ള 20 പരസ്യ ചിത്രങ്ങൾ നിർമ്മിച്ചതിന്റെ നിർമ്മാണ ചെലവായ 13 ലക്ഷം രൂപ ട്രിവാൻഡ്രം ഫിലിം ഫെർട്ടേണിറ്റിക്കുവേണ്ടി ശ്രീ. ബി.രാകേഷിനും, കാരുണ്യ ഭാഗ്യക്കുറിയുടെ അഞ്ചും, പൂജാബംബറിന്റെ ഒന്നും പരസ്യ ചിത്രത്തിൽ അഭിനയിച്ചതിന് ശ്രീ.മുകേഷിന് 6,00,000 രൂപയും നൽകിയിരുന്നു. |
| (ജി) | സംസ്ഥാനത്തെ 6000 - ഓളം വരുന്ന ഹീമോഫീലിയ രോഗികളെ കുടി കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ജി) ഹീമോഫീലിയ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം. I

## KARUNYA BENEVOLENT FUND

DISTRICT WISE DETAILS OF AMOUNT RELEASED TO PATIENTS AS ON 27.11.2012

| SL.NO | DISTRICT | Amount | Dialysis | NO. OF.PATIENTS | Amount |
|---|---|---|---|---|---|
| 1 | TRIVANDRUM | 12153850 | 1258000 | 721 | 77069309.00 |
| 2 | KOLLAM | 3092000 | 3092000 | 310 | 35210083.00 |
| 3 | PATHANAMTHITTA | 4511600 | 4511600 | 234 | 24327482.00 |
| 4 | ALAPPUZHA | 4060000 | 5060000 | 368 | 29062635.00 |
| 5 | KOTTAYAM | 9135000 | 10135000 | 484 | 47985500.00 |
| 6 | IDUKKI | 3152000 | 3152000 | 180 | 20918940.00 |
| 7 | ERNAKULAM | 3289000 | 4289000 | 325 | 30637960.00 |
| 8 | THRISSUR | 3203000 | 4203000 | 241 | 26123500.00 |
| 9 | PALAKKAD | 2102000 | 2102000 | 281 | 25642734.00 |
| 10 | MALAPPURAM | 5981318 | 5981318 | 431 | 44889638.00 |
| 11 | KOZHIKKODE | 7428000 | 8428000 | 444 | 47731414.00 |
| 12 | WAYANAD | 563583 | 563583 | 189 | 15579517.00 |
| 13 | KANNUR | 15993815 | 15993815 | 939 | 108470775.00 |
| 14 | KASARAGOD | 3544500 | 3544500 | 257 | 27750513.00 |
|  | TOTAL | 78209666 | 72313816 | 5404 | 561400000.00 |

അനുബന്ധം II

| Karunya Benevolent Fund | | |
|---|---|---|
| Details of Application Pending | | |
| Sl.No | District | No of Beneficiaries Administrator Pending |
| 1 | TRIVANDRUM | 38 |
| 2 | KOLLAM | 34 |
| 3 | PATHANAMTHITTA | 25 |
| 4 | ALAPPUZHA | 19 |
| 5 | KOTTAYAM | 47 |
| 6 | IDUKKI | 12 |
| 7 | ERNAKULAM | 20 |
| 8 | THRISSUR | 33 |
| 9 | PALAKKAD | 49 |
| 10 | MALAPPURAM | 22 |
| 11 | KOZHIKKODE | 71 |
| 12 | WAYNAD | 12 |
| 13 | KANNUR | 112 |
| 14 | KASARAGODE | 36 |